വാകുന്നു

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് CSR ഫണ്ട് സ്വീകരിച്ച് 5 ഇലക്ട്രിക് സ്കൂട്ടറുകൾ വാങ്ങുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.999/2024/HOME തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 26.03.2024 തീയതിലെ എസ്3-152977/2022/പി.എച്ച്.ക്യു. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ സിറ്റി പോലീസിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് കണ്ണൂർ സിറ്റി പോലീസിന് 5 ഇലക്ട്രിക് സ്കൂട്ടറുകൾ (TVS iQube) നൽകുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണൂർ റീജിയണൽ മാനേജർ സമ്മതം അറിയിച്ചിട്ടുണ്ടെന്നും, കണ്ണൂർ സിറ്റി പോലീസിന് ഇരുചക്ര വാഹനങ്ങളുടെ അപര്യാപ്തത ഉണ്ടെന്നും പ്രസ്തുത വാഹനങ്ങൾ ലഭിക്കുകയാണെങ്കിൽ ലോകസഭാ ഇലക്ഷനും കൂടി വിനിയോഗിക്കാവുന്നതാണെന്നും ആയതിനാൽ വാഹനങ്ങൾ സ്വീകരിക്കുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ഇലക്ട്രിക് ബൈക്കുകൾ വാങ്ങുന്നതു മൂലം ആവർത്തന ചെലവ് ഉണ്ടാകാത്തതിനാൽ, കണ്ണൂർ സിറ്റി പോലീസിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സിഎസ്ആർ ഫണ്ട് സ്വീകരിച്ച് കണ്ണൂർ സിറ്റി പോലീസിന് 5 (അഞ്ച്) ഇലക്ട്രിക് സ്കൂട്ടറുകൾ (TVS iQube) വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജികുമാർ ജി

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (30.03.2024 ലെ എ3/265/2024/ധന (ഇ-2752320) പ്രകാരം).

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jalajakumari M S

സെക്ഷൻ ഓഫീസർ

Date: 01-04-2024 17:02:28